# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 181

01.12.2014-ൽ മറുപടിയ്ക്ക്

## കേരള യൂണിവേഴ്സിറ്റി പ്രൊവൈസ്ചാൻസലറുടെ വീട് ആക്രമിച്ച കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2014 ഒക്ടോബർ 18 ന കേരള യൂണിവേഴ്സിറ്റി പ്രൊ വൈസ്ചാൻസലറുടെ വീട് ആക്രമിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം, ആർക്കെല്ലാം എതിരെ കേസ് എടുക്കുകയുണ്ടായിട്ടുണ്ടെന്ന വെളിപ്പെടുത്താമോ; | (എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1225/2014 u/s 447 ,427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്. |
| (ബി) അന്നേദിവസം സർവ്വകലാശാലയുടെ പ്രധാന കവാടം ഉൾപ്പെടെ അടിച്ചു തകർത്ത് യൂണിവേഴ്സിറ്റിയ്ക്ക് വൻ നാശനഷ്ടങ്ങൾ വരുത്തിവച്ച യൂത്ത്കോൺഗ്രസുകാർക്കെതിരെ കേസ് എടുക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം; ആർക്കെല്ലാം എതിരെ എന്ന് വിശദമാക്കാമോ? | (ബി) 18.10.2014-ാം തീയതി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഇലക്ഷൻ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സിൻഡിക്കേറ്റംഗം അഡ്വ.കൃഷ്ണകുമാർ നടത്തി വന്ന നിരാഹാര സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കേരള സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തകരും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരും ഉൾപ്പെടെ നൂറോളം സമരക്കാർ കേരള യൂണിവേഴ്സിറ്റി ഓഫീസിന്റെ പ്രധാന കവാടത്തിനു സമീപം സംഘം ചേർന്ന് യൂണിവേഴ്സിറ്റി ഓഫീസിലേക്കുള്ള പൊതുജനങ്ങളുടേയും മറ്റും സുഗമമായ സഞ്ചാരത്തിന് തടസ്സം സൃഷ്ടിച്ച് മുദ്രാവാക്യങ്ങൾ വിളിച്ച് സമരക്കാർ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ ഓഫീസിലേക്ക് തള്ളിക്കയറുന്നതിനായി പോർട്ടിക്കോയിലെ പ്രധാന വാതിൽ തല്ലിപ്പൊട്ടിച്ച് രജിസ്ട്രേഷൻ സെക്ഷനിലെ ജനലും വാതിലും നശിപ്പിച്ച് പൊതു നഷ്ടം സംഭവിപ്പിച്ചതിന് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1257/2014 u/s 143, 147, 149, 283, 447 IPC & Sec.3(1) of PDPP Act പ്രകാരം അഡ്വ.കൃഷ്ണകുമാറിനെയും നൂറോളം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ